(ഡി) ഓപ്പറേറ്റിംഗ് സെന്ററിന്റെ വികസനത്തിന് മുനിസിപ്പാലിറ്റി സൗജന്യമായി നൽകിയ ഒരേക്കർ ഭൂമിയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ ഇപ്പോൾ മുനിസിപ്പൽ ബസ് സ്റ്റാൻഡിലാണ് പ്രവർത്തിച്ചുവരുന്നത്. ഓപ്പറേറ്റിംഗ് സെന്ററിനുവേണ്ടി വടകര മുനിസിപ്പാലിറ്റി കൈമാറിയ ഒരേക്കർ സ്ഥലം 4-9-2010-ൽ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ പേരിൽ നികുതി അടച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. 16 ഷെഡ്യൂളുകൾ നടത്തുന്നതിനായി 18 ബസുകളനുവദിച്ചിട്ടുണ്ട്. 13 വർഷത്തിൽ കൂടുതൽ ആയുർദൈർഘ്യമുള്ള ബസുകൾ പിൻവലിക്കുകയും പുതിയ ബസുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാൻ ഫണ്ട് ലഭിക്കുന്ന പ്രകാരം ആവശ്യമുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ബി) 9 പുതിയ ബസ്സുകൾ അനുവദിച്ചു.

(സി) ഈ സാമ്പത്തിക വർഷത്തിൽ 2 ബസുകൾ സ്ക്രാപ്പ് ചെയ്തു. പകരം 2 പുതിയ ബസുകൾ അനുവദിച്ചു.

(ഡി) ഇപ്പോൾ ഒന്നും നടത്തിയിട്ടില്ല.

പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ബസ് സർവ്വീസ്

180 (777) ശ്രീ. സി. എം. ദിനേശ്മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ചേപ്പനം ചാത്തമ ഭാഗത്ത് നിന്ന് എറണാകുളത്തേക്ക് കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) തോപ്പുപടി-ചോറ്റാനിക്കര റൂട്ടിൽ സർവ്വീസ് നടത്തുന്ന തിരുകൊച്ചി ബസ് പെരുമ്പടപ്പിലേക്ക് നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സർവ്വീസ് നീട്ടുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ചേപ്പനം-ചാത്തമ ഭാഗത്തുനിന്നും എറണാകുളത്തേക്ക് സർവ്വീസ് വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണമാണ് ടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയാതിരിക്കുന്നത്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി ആവശ്യം പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്. ടി സർവ്വീസ് പെരുമ്പടപ്പിലേക്ക് നീട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly